(എ) പലസംസ്ഥാനങ്ങളും മാഗി നൂഡിൽസ് നിരോധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് കേരളത്തിലും നിരോധിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) മാഗി നൂഡിൽസ് പോലെ ഭാവിയിൽ ശ്രക്ഷമായ ആരോഗ്യ പ്രശ്നമുണ്ടാകുന്ന ഐസ്ക്രീംപൗഡർ, പിസ്ത പൗഡർ, ബദാം മിക്സ്, ജ്യൂസ് മിക്സുകൾ എന്നിവ തലസ്ഥാന നഗരിയിലുൾപ്പെടെ വിൽക്കുന്നത് തടയാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Food Safety and Standards Authority of India മാഗി നൂഡിൽസിന്റെ പരിശോധനാഫലം കണക്കിലെടുത്ത് No.10/Q.A/ Enforcement Issues/FSSAI/2015 dated 5-6-2015 എന്ന ഉത്തരവ് പ്രകാരം ദേശവ്യാപകമായി ടി ഉൽപ്പന്നം പിൻവലിക്കുവാൻ ഉൽപ്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം സംസ്ഥാനത്തും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ലഭ്യമായ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുവാനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രത്യേകമായ ഒരു നിരോധനം ഏർപ്പെടുത്തേണ്ട ആവശ്യമില്ല.

(ബി) പരിശോധനകളിൽ ഇരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണെന്ന് കണ്ടെത്തുന്ന എല്ലാത്തരം ഉൽപ്പന്നങ്ങൾക്കെതിരെയും നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

108 ആംബുലൻസുകളുടെ പ്രവർത്തനം

85 (2294) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 108 ആംബുലൻസ് സർവ്വീസുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും എത്രയെണ്ണം പ്രവർത്തനക്ഷമമല്ലെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ജീവൻരക്ഷാ ഉപകരണങ്ങളും മരുന്നുകളും ഇല്ലാത്തതിൽ ഇവയുടെ സേവനം രോഗികൾക്കും അപകടത്തിനിരയാകുന്നവർക്കും ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആംബുലൻസുകളിലെ എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി യഥാസമയം പുതുക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ലൈസൻസ് യഥാസമയം പുതുക്കുന്നതിനും പ്രസ്തുത സേവന മേഖല കാര്യക്ഷമമായി നിലനിർത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന 25 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളിൽ 21 ആംബുലൻസുകൾ പ്രവർത്തനക്ഷമമാണ്. 4 എണ്ണം വാർഷിക ഫിറ്റ്നെസ് ടെസ്റ്റിന് വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിൽ ആണ്. ആലപ്പുഴ ജില്ലയിൽ 11 ആംബുലൻസുകൾ പ്രവർത്തനക്ഷമവും, 6 ആംബുലൻസുകൾ വാർഷിക ഫിറ്റ്നസ് ടെസ്റ്റിന് വേണ്ടിയുള്ള ജോലികൾക്കായി വർക്ക്ഷോപ്പിലുമാണ്. ഒരു ആംബുലൻസ് പ്രവർത്തന സജ്ജമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല. ആംബുലൻസുകളുടെ എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി പുതുക്കാത്തത് ആംബുലൻസുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

(ഡി) എക്സ്പ്ലോസീവ് ലൈസൻസ് യഥാസമയം പുതുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻ.ആർ.എച്ച്.എം.-ന്റെ 33 പദ്ധതികൾ

86 (2295) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. നടപ്പിലാക്കിവരുന്ന 33 പദ്ധതികളിൽ ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും ഓരോ പദ്ധതിക്കുമായി എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവാക്കിയെന്നും കേന്ദ്ര, സംസ്ഥാന വിഹിതം ഉൾപ്പെടെ വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും നടത്തിപ്പിനായി നിയോഗിക്കപ്പെട്ട സർക്കാർ ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും വിവരം വെളിപ്പെടുത്തുമോ ; 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ശമ്പളയിനത്തിലും മറ്റുമായി ഇവർക്കായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത 33 പദ്ധതികൾക്കുമായി ഓരോ ജില്ലയിലും നടത്തിയ പ്രവർത്തന റിപ്പോർട്ട് 2011-12 മുതൽ 2014-15 വരെ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly